**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5406**

**01.07.2019 - ൽ മറുപടിക്ക്.**

# കൊട്ടാരക്കര മണ്ഡലത്തിലെ വ്യവസായ സാധ്യതകൾ

ചോദ്യം
ശ്രീമതി പി. അയിഷാ പോറ്റി

മറുപടി
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| ചോദ്യം | മറുപടി |
|---|---|
| (എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങളിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;<br><br>(ബി) സാധ്യതാപഠനം നടത്തിയിട്ടില്ലെങ്കിൽ അടിയന്തരമായി സാധ്യതാപഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (എ) & (ബി) : കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന തദ്ദേശസ്ഥാപനങ്ങളിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തിയിട്ടില്ല. എന്നാൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കരീപ്ര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കടയ്ക്കോട് എന്ന സ്ഥലത്ത് വനിത ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ 290 സെന്റ് സ്ഥലം വാങ്ങുകയും വ്യവസായ ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |
| (സി) നിയോജകമണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന പഞ്ചായത്തുകളിൽ വിജയകരമായി നടത്താൻ കഴിയുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ ഏതെല്ലാമാണ് എന്നത് സംബന്ധിച്ച് കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം സാധ്യതാപഠനം നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ ? | സി): കൊല്ലം ജില്ലാ പഞ്ചായത്ത്, കൊട്ടാരക്കര താലൂക്ക് വ്യവസായ ഓഫീസ് എന്നീ ഓഫീസുകൾ നടത്തിയ വ്യവസായ സാധ്യതാ പഠനത്തിൽ ജനറൽ എഞ്ചിനിയറിങ്, ഫുഡ് പ്രോസസിങ് യൂണിറ്റുകൾ, സിമന്റ് ബ്രിക്സ് യൂണിറ്റുകൾ, ഐ.ടി സംരംഭങ്ങൾ, റെഡി മെയ്ഡ് ഗാർമെന്റ് മാനുഫാക്ചറിങ്, ഡിജിറ്റൽ പ്രിന്റിങ് പ്രസ്സുകൾ തുടങ്ങിയ മേഖലകൾ വിജയ സാധ്യതയുള്ളവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.